Mathrubhumi

23 August 2018

Kochi, Kuthiyathodu, After Flood, Flood Victims

ചെളിയല്ലാതെ ഒന്നുമില്ല ഇവിടെ...

കെ.പി.പ്രവിത
കുത്തിയതോട് (കൊച്ചി)

▸ വേളാങ്കണ്ണി മാതാ ഹരിജൻ കോളനി റോഡിലൂടെ അൽപ്പം നടക്കണം പനയ്ക്കൽ വീട്ടിലേക്കെത്താൻ. ഓറഞ്ച് ചായമടിച്ച ചെറിയ വീട് അടച്ചിട്ടിരിക്കുകയാണ്. മുറ്റം മുഴുവൻ ചെളി. 'അവരാരും ഇവിടെയില്ല' എന്ന് അയൽവാസിയായ സേവ്യർ.

കുത്തിയതോട് സെയ്ന്റ് സേവ്യേഴ്സ് പള്ളിമേട തകർന്ന് മരിച്ച ആറുപേരിൽ ജെയിംസിന്റെ (55) വീടാണിത്. തൊട്ടുപുറകിൽത്തന്നെ മറ്റൊരാളുടെ വീട് കൂടിയുണ്ട്, മാടവന പൗലോസിന്റെ (48). അവിടെയും ആരുമില്ല.

മടങ്ങാനൊരുങ്ങുമ്പോഴാണ് കാസർകോട് നിന്നുള്ള ഡി.വൈ.എഫ്.ഐ. സംഘമെത്തിയത്. ചൂലും ബക്കറ്റുമെല്ലാമുണ്ട്. വീട് വൃത്തിയാക്കാനാണ്. അടുത്തവീട്ടിൽ നിന്ന് താക്കോൽ വാങ്ങി. വാതിൽ തുറക്കാൻ നന്നായി ബലംപിടിക്കേണ്ടി വന്നു. വാതിലിന്റെ തൊട്ടുപിന്നിൽ നിലത്ത് കിടക്കുന്നുണ്ട് ടി.വി.യും മേശയും കസേരയുമെല്ലാം പലയിടത്തായി ചിതറിക്കിടക്കുന്നു. കാൽപ്പാദം മൂടുംവണ്ണം വെള്ളവുമുണ്ട്.

ബക്കറ്റും അടിച്ചുവാരിയും കൊണ്ട് വെള്ളം പുറത്തേക്ക് കോരിയൊഴുക്കി. ഇതിനിടെ ചിലർ വീട്ടിലെ സാധനങ്ങൾ ഓരോന്നായി പുറത്തിറക്കി. കുടുംബാംഗങ്ങളുടെ ചിത്രങ്ങൾ കൊണ്ടലങ്കരിച്ച ഊണുമേശയാണ് ടി.വി.ക്കു പിറകേ പുറത്തേക്ക് കൊണ്ടുവന്നത്. തൊട്ടുപുറകേ ഗൃഹസ്ഥം കസേരയുമെല്ലാം. പാത്രങ്ങളെല്ലാം ചെളിയിൽ പുതഞ്ഞിരിക്കുന്നു. കുക്കറിനുള്ളിൽ പാകം ചെയ്ത അൽപ്പം ഭക്ഷണം.

''എല്ലായിടത്തും ഇതൊക്കെ തന്നെയാണ് കാഴ്ച. സഹിക്കാൻ പറ്റില്ല''-സേവ്യറിന്റെ വാക്കുകൾ.

ഇനി ഇവിടെ അബിയും അമ്മയും മാത്രം

സെയ്ന്റ് സേവ്യേഴ്സ് പള്ളിയുടെ നേരെയുള്ള റോഡിലൂടെ കുറച്ച് നടക്കണം... വലതുവശത്തായി മറ്റൊരു ചെറിയ റോഡ് കാണാം. ആ വഴി അവസാനിക്കുന്നത് ഇലഞ്ഞിയ്ക്കൽ വീടിന് മുന്നിലാണ്. അപകടത്തിൽ മരിച്ച ഇ.ഐ. ജോസഫും (പാപ്പച്ചൻ -95) മകൻ ജോമോനും (55) താമസിച്ചിരുന്ന കുടുംബവീട് ഇവിടെയാണ്. വഴിയരികിലായി ജോമോൻ മറ്റൊരു വീട് കൂടിയുണ്ടാക്കിയിട്ടുണ്ട്.

നനഞ്ഞ രേഖകളിൽ ചിലത് ഈ വീടിന്റെ ഗേറ്റിന് പുറത്ത് റോഡിൽ ഉണക്കാൻ വച്ചിട്ടുണ്ട്. 'ഇ.ഐ. ജോസഫ്, ഇലഞ്ഞിയ്ക്കൽ' എന്ന് റേഷൻകാർഡിൽ നിന്ന് വായിച്ചെടുക്കാം. അപ്പച്ചന് പ്രായമായതിനാൽ ജോമോനും കുടുംബവും തറവാട്ടു വീട്ടിൽ തന്നെയായിരുന്നു താമസം. ഈ വീട്ടിൽ ഇനി ശേഷിക്കുന്നത് ജോമോന്റെ ഭാര്യ ഷീലയും മകൻ അബിനും മാത്രമാണ്.

പ്രളയദുരന്തത്തിൽ മരിച്ച കുത്തിയതോട് പനയ്ക്കൽ ജെയിംസിന്റെ വീട്ടിനുള്ളിൽ കെട്ടിക്കിടന്ന ചെളിയും വെള്ളവും സന്നദ്ധപ്രവർത്തകർ കോരി പുറത്തേക്കൊഴിക്കുന്നു | ഫോട്ടോ: വി.എസ്. ഷൈൻ

പ്പെട്ടത്. ഞാനും അമ്മച്ചിയും അടുത്തുതന്നെയുണ്ടായിരുന്നു. പക്ഷേ, ഞങ്ങൾക്ക് ഓടിമാറാൻ പറ്റി...'' -അബിൻ പറയുന്നു. യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് ഏജന്റായിരുന്നു ജോമോൻ. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായി വിരമിച്ചതാണ് ജോസഫ്.

വീട് വൃത്തിയാക്കാൻ ഇവർ...

കാസർകോട്ടെ ബേടകത്തെ ഡി.വൈ.എഫ്.ഐ. ബ്ലോക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ 48 പേർ കുത്തിയതോട് എത്തിയിട്ടുണ്ട്. വീടുകളിലെ ചെളി മാറ്റി അടിച്ചുവാരി വൃത്തിയാക്കാൻ ഇവർ സഹായിക്കുന്നുണ്ട്. അപകടത്തിൽ മരിച്ചവരിൽ ചിലരുടെ വീടുകളും ഇവർ വൃ

സി.പി.എം. ലോക്കൽ കമ്മിറ്റിയംഗം പി.വി. സുരേഷ് പറഞ്ഞു.

ഇനി ഒന്നും ശേഷിക്കുന്നില്ല

"ഞങ്ങളിനി ജീവിതം ഒന്നിൽ നിന്ന് തുടങ്ങണം... എല്ലാം നഷ്ടപ്പെട്ടു... കണ്ടില്ലേ..." പുറത്തിറക്കിവച്ച സാധനങ്ങൾ ചൂണ്ടി കാഞ്ഞിരത്തിങ്കൽ തോമസ് പറഞ്ഞു. സെയ്ന്റ് സേവ്യേഴ്സ് പള്ളിയോടു ചേർന്നാണ് തോമസിന്റെ വീട്. മകൻ ഡോണും തോമസും ചേർന്ന് വീട് വൃത്തിയാക്കുന്ന തിരക്കിലാണ്. പ്രളയമെത്തിയപ്പോൾ സമീപത്തെ മൂന്നുനില വീട്ടിലാണ് ഇവർ അഭയം തേടിയത്.

പള്ളിയോടു ചേർന്നുള്ള റേഷൻ കടയിൽ അരിയും ഗോതമ്പും പച്ചരിയുമെല്ലാം പുറത്തിറക്കി വച്ചിരിനങ്ങൾ ഉൾപ്പെടെ 300 ചാക്ക് നശിച്ചു'' -കടയുടമ ടി.എം. തോമസ് പറഞ്ഞു.

ചത്തഴുകുന്നു മൃഗങ്ങൾ

കുത്തിയതോട് പല റോഡുകളുടെയും അരികിൽ മൃഗങ്ങൾ ചത്തഴുകി കിടക്കുകയാണ്. പള്ളിമേടയുടെ തകർന്ന അവശിഷ്ടങ്ങൾക്കിടയിൽ ഒരു പോത്ത് ചത്തുകിടക്കുന്നുണ്ട്.

പ്രധാന റോഡരികിലേക്ക് എത്തിയപ്പോഴാണ് ചോമാൻതുരുത്തിൽ വീട്ടിൽ തോമസിനെ കണ്ടത്. തൊട്ടടുത്തുള്ള വാഴത്തോട്ടത്തിലേക്ക് നോക്കി വിഷമിച്ച് നിൽക്കുകയാണപ്പോൾ. തോമസിന്റെ താലൂപശുക്കളിൽ ഒന്ന് അവിടെ ചത്തുകിടക്കുന്നു. മറ്റു രണ്ടെണ്ണം തൊട്ട